(എഫ്)സംസ്ഥാനത്ത് ഇതുവരെ അനുവദിച്ച പ്ലസ് ടു സ്കൂളുകളിലാകെ വിവിധ കോഴ്സുകളിലൂടെ എത്രപേർക്ക് പ്രവേശനം നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ജി) പ്ലസ് ടു കോഴ്സുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾസ് കമ്മിറ്റിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) 2001-2002 ആകുമ്പോൾ കോളേജുകളിൽ നടന്നുവരുന്ന പ്രീഡിഗ്രി കോഴ്സുകൾ പൂർണ്ണമായും നിർത്തലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) നേരത്തെ പ്ലസ് ടു കോഴ്സുകൾ ആരംഭിച്ച ഏതാനും സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്.

(ഡി) ജില്ല തിരിച്ചുള്ള സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) ഉണ്ട്.

(എഫ്) 83,730 പേർക്ക് പ്രവേശനം നൽകാൻ കഴിയും.

(ജി) വിലയിരുത്തിയിട്ടുണ്ട്. റൂൾസിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്മേൽ വിവിധ തലങ്ങളിൽ ചർച്ചകൾ ആവശ്യമാണ്. അവകൂടി കഴിഞ്ഞാലേ ഇത് പൂർണ്ണമാകുകയുള്ളൂ.

38 (182) പ്ലസ് ടു കോഴ്സ് അനുവദിക്കാനുള്ള നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തിലെ കാരയ്ക്കാട് എസ്.എച്ച്.വി. ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സ്ഥലം പരിശോധിച്ചിട്ടുണ്ടോ;

(സി) ചെങ്ങന്നൂർ താലൂക്കിലെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്കൂളിന് പ്ലസ് ടു കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)&(സി) പുതിയതായി പ്ലസ് ടു കോഴ്സുകൾ ഈവർഷം അനുവദിക്കുന്നില്ല. അടുത്ത വർഷം ഈ സ്കൂളിന്റെ കാര്യം പരിഗണിക്കുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly